പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 991. | 02.12.2015 ന് മറുപടിയ്ക്ക്.

## ഐ .ടി .ഐ കളുടെ നവീകരണം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.പി.കെ.ബഷീർ : | ശ്രീ. ഷിബു ബേബിജോൺ<br>(തൊഴിലും നൈപുണ്യവും വകുപ്പ് മന്ത്രി) |
| (എ) ഐ.ടി.ഐ കളുടെ നവീകരണത്തിനായി എന്തെങ്കിലും പദ്ധതികൾ നിലവിലുണ്ടോ; വ്യക്തമാക്കുമോ; | (എ) ഉണ്ട്. പൊതു സ്വകാര്യ പങ്കാളിത്തത്തോടെ സർക്കാർ ഐ.ടി.ഐ.കളുടെ നിലവാരമുയർത്തൽ പദ്ധതി അനുസരിച്ച് സംസ്ഥാനത്തെ പട്ടികജാതി വികസന വകുപ്പിന്റെ കീഴിലുള്ള 4 ഐ.ടി.ഐ.കൾ ഉൾപ്പെടെ 26 ഐ.ടി.ഐ.കളിലും ഐ.ടി.ഐ.കളിലെ ഇൻസ്റ്റിറ്റ്യൂട്ട് മാനേജ്മെന്റ് കമ്മിറ്റി ആ സ്ഥാപനത്തിന്റെ അപ്ഗ്രഡേഷന് ആവശ്യമായ പ്രോജക്ട് തയ്യാറാക്കി സ്റ്റേറ്റ് സ്റ്റിയറിംഗ് കമ്മിറ്റിയുടെ അംഗീകാരത്തോടെ കേന്ദ്ര സർക്കാരിനു സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിലാണ് 26 ഐ.ടി.ഐ.കൾക്കും 2.5 കോടി രൂപ ക്രമത്തിൽ 65 കോടി രൂപ പലിശ രഹിത വായ്പയായി അനുവദിച്ചിട്ടുള്ളത്. അതനുസരിച്ച് 5 വർഷം കൊണ്ടാണ് ഈ തുക ചിലവാക്കേണ്ടത്. ഈ പദ്ധതി മോണിറ്റർ ചെയ്യുന്നതിനു സംസ്ഥാനത്ത് സ്റ്റേറ്റ് സ്റ്റിയറിംഗ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. സ്റ്റേറ്റ് സ്റ്റിയറിംഗ് കമ്മിറ്റിയെ സഹായിക്കുന്നതിന് സ്റ്റേറ്റ് ഇംപ്ലിമെന്റേഷൻ സെല്ലും രൂപീകരിച്ചിട്ടുണ്ട്.<br><br>ഐ.ടി.ഐ.കളുടെ നവീകരണത്തിന്റെ ഭാഗമായി വിവിധ പദ്ധതികൾക്കായി താഴെപ്പറയുന്ന തുക 2015-16 ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.<br><br>1. റീവാമ്പിംഗിന്റെ ഭാഗമായി പഴയ ട്രേഡുകൾ നിറുത്തലാക്കി, ടൂൾസ്, യന്ത്രോപകരണങ്ങൾ എന്നിവ സംഭരിക്കുന്നതിനും നിലവിലുള്ള കെട്ടിടങ്ങൾ പുതുക്കി പണിയുന്നതിനുമായി -250 ലക്ഷം രൂപ.<br><br>2. എൻ.സി.വി.ടി റീഅഫിലിയേഷന് വേണ്ടി-1500 ലക്ഷം രൂപ.<br><br>3. എൻ.സി.വി.ടി അഫിലിയേഷൻ ലഭിക്കുന്നതിന് യന്ത്രോപകരണങ്ങൾ സംഭരിക്കുന്നതിന് - 500 ലക്ഷം രൂപ |

. . . . 2

4. വർക്ക് ഷോപ്പ് കെട്ടിടങ്ങൾ പുതുക്കി നിർമ്മിക്കുന്നതിന് - 300 ലക്ഷം രൂപ.

5. ഇലക്ട്രിഫിക്കേഷൻ വർക്ക് - (അരീക്കോട് ഐ.ടി.ഐ. ഉൾപ്പെടെ) 17 ഐ.ടി.ഐ.കളിൽ ഇലക്ട്രിഫിക്കേഷൻ വർക്ക് നടത്തുന്നതിന് 800 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

6. ഐ.ടി.ഐ. കളിൽ ഐ.റ്റി.ലാബ് ആരംഭിക്കുന്നതിന് - 141 ലക്ഷം രൂപ

7. വിവിധ ഐ.ടി.ഐ. കളിൽ ക്ലാസ്സ് റൂം, വർക്ക്ഷോപ്പ് നിർമ്മിക്കുന്നതിന് - 240 ലക്ഷം രൂപ.

8. 10 ഐ.ടി.ഐ. കളിൽ ഐ.എസ്സ്.ഒ. സർട്ടിഫിക്കേഷൻ ലഭിക്കുന്നതിന് - 30 ലക്ഷം രൂപ.

(ബി) എങ്കിൽ പ്രസ്തുത പദ്ധതിയുടെ ഭാഗമായി എന്തെല്ലാം പ്രവർത്തികളാണ് ചെയ്യുവാൻ ഉദ്ദേശിക്കുന്നത്;

(ബി) ഐ.ടി.ഐ. കളിൽ പുതിയ ട്രേഡുകൾ ആരംഭിക്കുക, ഐ.ടി.ഐ.കളുടെ അടിസ്ഥാന സൗകര്യം വിപുലീകരിക്കുക, വർക്ക്ഷോപ്പുകൾ നവീകരിച്ച് യന്ത്ര സാമഗ്രികൾ/പണിയായുധങ്ങൾ പരിഷ്കരിക്കുക, ഫർണിച്ചറുകൾ, പാഠപുസ്തകം, പഠന സാമഗ്രികൾ, കമ്പ്യൂട്ടർ പ്രോഗ്രാമുകൾ എന്നിവ സമാഹരിച്ച് പഠന നിലവാരം മെച്ചപ്പെടുത്തുക ഇതുമായി ബന്ധപ്പെട്ട മറ്റ് ചെലവുകൾ നിർവ്വഹിക്കുക തുടങ്ങിയ പ്രവൃത്തികളാണ് നടത്തുന്നത്.

(സി) ഏറനാട് മണ്ഡലത്തിലെ അരീക്കോട് ഐ.ടി.ഐ യിൽ പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി എന്തെല്ലാം പ്രവർത്തികളാണ് ചെയ്യുന്നത്; വിശദാംശം ലഭ്യമാക്കുമോ?

(സി) ഏറനാട് മണ്ഡലത്തിലെ അരീക്കോട് ഐ.ടി.ഐ.യിൽ ഈ പദ്ധതിയുടെ ഭാഗമായി പുതിയ കെട്ടിടം പണിയുകയും ജനറൽ കാർപ്പന്റർ, പ്ലംബർ, റഫ്രിജറേഷൻ ആന്റ് എയർ കണ്ടീഷണനിംഗ്, മെക്കാനിക്ക് എന്നീ ട്രേഡുകൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ ഐ.ടി.ഐയ്ക്ക് ഐ.എസ്.ഒ. സർട്ടിഫിക്കേഷൻ നേടിയെടുക്കുന്നതിനും അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കുന്നതിനും കഴിഞ്ഞിട്ടുണ്ട്.

സെക്ഷൻ ഓഫീസർ